# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.പി.കെ.ഡി 10/1481/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 27/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.പി.കെ.ഡി 10/1481/2022 തീയ്യതി: 27/07/2022

## പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-07-2020 മുതൽ 20-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ശശിഭൂഷൺ.ഇ | ഡെപ്യൂട്ടി ഡയറക്ടർ | 21-06-2022 | 29-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-06-2022 | 29-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ്.എ.ബി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. രാമകൃഷ്ണൻ.കെ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. കൃഷ്ണദാസ്.എൻവി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി അനിത പോൾസ**ൺ** | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| ശ്രീമതി ലിസി സുരേഷ് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ.കെ.കെ.ജയകുമാർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി റാണി ആർ ഉണ്ണിത്താൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. ദിലീപ് വർമ്മ.എം | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ. ജയന്ത്. വി.ആർ | മെഡിക്കൽ ഓഫീസർ, സാമൂഹിക ആരോഗ്യ കേന്ദ്രം | 01-04-2020 | 15-02-2021 |
| ഡോ.മജീഷ് ആന്റണി | മെഡിക്കൽ ഓഫീസർ, സാമൂഹിക ആരോഗ്യ കേന്ദ്രം | 16-02-2021 | 31-03-2021 |
| ഡോ. പ്രഭാത്. എ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 06-08-2020 |
| ഡോ.ലക്ഷ്മി ജി കർത്ത | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 07-08-2020 | 31-08-2020 |
| ഡോ.റീഭ.ബി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-09-2020 | 27-10-2020 |
| ഡോ. പ്രഭാത്. എ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 28-10-2020 | 31-03-2021 |
| ഡോ. മനോജ്. വി. തോമസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ. രാജേഷ് | വെറ്ററിനറി സർജ്ജൻ | 01-04-2020 | 01-06-2020 |

| | | | |
|---|---|---|---|
| ഡോ.കനകരാജ് | വെറ്ററിനറി സർജ്ജൻ | 02-06-2020 | 07-06-2020 |
| ഡോ.എം.എൽ ലീന | വെറ്ററിനറി സർജ്ജൻ | 08-06-2020 | 31-03-2021 |
| ശ്രീമതി. അംബിക. കെ | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീ. ജയപ്രകാശ്.സി.സി. | ക്ഷീര വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഫാത്തിമുത്തു സുഹ്റാബീവി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-05-2020 |
| ശ്രീമതി സുന്ദരി.സി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-06-2020 | 31-03-2021 |
| ശ്രീ. പ്രമോദ്. ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 01-04-2020 | 15-10-2020 |
| രവീന്ദ്രൻ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16-10-2020 | 31-03-2021 |
| ശ്രീ. രവീന്ദ്രൻ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-04-2020 | 07-02-2021 |
| ശ്രീമതി രജനി.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 08-02-2021 | 31-03-2021 |
| ശ്രീമതി. ആർ. ഷീന | അസി. സെക്രട്ടറി | 01-04-2020 | 18-06-2020 |
| ശ്രീ.ബിന്ദു ജോഷി | അസി.സെക്രട്ടറി | 19-06-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Krishnadas.N.V (Auditor, On 30-06-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: K.P.Ramakrishnan (Asst. Audit Officer, On 21-06-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.P.Ramakrishnan (Asst. Audit Officer, On 21-06-2022)<br>Last Updated By: Haseena KU (Computer Assistant, On 25-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 28-06-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 21-06-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 21-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.P.Ramakrishnan (Asst. Audit Officer, On 21-06-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 21-06-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: K.P.Ramakrishnan (Asst. Audit Officer, On 28-06-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 28-06-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Krishnadas.N.V (Auditor, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 28-06-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 28-06-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-10 |
| 11 | സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തുനികുതി നിരക്കുകൾ നിശ്ചയിക്കേണ്ടതാണ്.<br>Written By: Krishnadas.N.V (Auditor, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 18-07-2022) | 1-11 |
| 12 | അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ<br>Written By: Krishnadas.N.V (Auditor, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 18-07-2022) | 1-12 |
| 13 | ടർഫുകൾ, ജിംനേഷ്യങ്ങൾ എന്നിവയെ ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്.<br>Written By: Krishnadas.N.V (Auditor, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-13 |
| 14 | കെട്ടിടങ്ങളെ നികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കി നൽകൽ- നിയമാനുസൃതമാവേണ്ടതാണ്<br>Written By: Krishnadas.N.V (Auditor, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 18-07-2022) | 1-14 |
| 15 | കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം<br>Written By: Krishnadas.N.V (Auditor, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 18-07-2022) | 1-15 |

| | | |
|---|---|---|
| 16 | ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ – ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.<br>Written By: Krishnadas.N.V (Auditor, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-16 |
| 17 | വിനോദ നികുതി ഈടാക്കാത്തതിനാൽ വരവ് നഷ്ടം<br>Written By: Krishnadas.N.V (Auditor, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-17 |
| 18 | വസ്തുനികുതി നിർണ്ണയം- ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ- നികുതി നഷ്ടം<br>Written By: Krishnadas.N.V (Auditor, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-18 |
| 19 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ വിവരം അറിയിക്കേണ്ടതാണ്<br>Written By: Krishnadas.N.V (Auditor, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 18-07-2022) | 1-19 |
| 20 | ഭവന പുനരുദ്ധാരണം/ മേൽക്കൂര റിപ്പയർ പദ്ധതികൾ - നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Krishnadas.N.V (Auditor, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-20 |
| 21 | ഡെപ്പോസിറ്റ് പ്രവൃത്തികൾ-ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: A B Suresh (Asst. Audit Officer, On 30-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 27-07-2022) | 1-21 |
| 22 | പാലിന് സബ്സിഡി പ്രൊജക്റ്റ് - ഭാഗികമായ കാലയളവിൽ മാത്രം ആനുകൂല്യം അനുവദിച്ചു<br>Written By: A B Suresh (Asst. Audit Officer, On 28-06-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-22 |
| 23 | ട്രസ്സ് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി<br>Written By: K.P.Ramakrishnan (Asst. Audit Officer, On 28-06-2022)<br>Last Updated By: A B Suresh (Asst. Audit Officer, On 30-06-2022) | 1-23 |
| 24 | എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ-റേറ്റ് കോൺട്രാക്ട് നിരക്കിൽ അധികരിച്ചു തുക നൽകി<br>Written By: A B Suresh (Asst. Audit Officer, On 28-06-2022)<br>Last Updated By: A B Suresh (Asst. Audit Officer, On 30-06-2022) | 1-24 |
| 25 | മരാമത്ത് പ്രവൃത്തികൾ - പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചിതിന് ഫൈൻ ഈടാക്കിയിട്ടില്ല.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 28-06-2022)<br>Last Updated By: Krishnadas.N.V (Auditor, On 30-06-2022) | 1-25 |
| 26 | MGNREGS മെറ്റീരിയൽ പർച്ചേസ് -സപ്ലെയറിൽ നിന്ന് നികുതികൾ ഈടാക്കിയിട്ടില്ല<br>Written By: K.P.Ramakrishnan (Asst. Audit Officer, On 28-06-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ട്രസ്സ് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി<br>Written By: K.P.Ramakrishnan (Asst. Audit Officer, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 3-1 |
| 2 | എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ-റേറ്റ് കോൺട്രാക്ട് നിരക്കിൽ അധികരിച്ചു തുക നൽകി<br>Written By: A B Suresh (Asst. Audit Officer, On 30-06-2022)<br>Last Updated By: A B Suresh (Asst. Audit Officer, On 30-06-2022) | 3-2 |

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 21-06-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 21-06-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 28-06-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 28-06-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.P.Ramakrishnan (Asst. Audit Officer, On 28-06-2022)<br>Last Updated By: A B Suresh (Asst. Audit Officer, On 30-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: K.P.Ramakrishnan (Asst. Audit Officer, On 21-06-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 21-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.P.Ramakrishnan (Asst. Audit Officer, On 21-06-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ.<br>Written By: K.P.Ramakrishnan (Asst. Audit Officer, On 21-06-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 21-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.P.Ramakrishnan (Asst. Audit Officer, On 28-06-2022)<br>Last Updated By: K.P.Ramakrishnan (Asst. Audit Officer, On 28-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 21-06-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 21-06-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.P.Ramakrishnan (Asst. Audit Officer, On 28-06-2022)<br>Last Updated By: Anish A (Computer Assistant, On 19-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: K.P.Ramakrishnan (Asst. Audit Officer, On 21-06-2022)<br>Last Updated By: Anish A (Computer Assistant, On 26-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

27-3-2020 തീയതിയിലെ 2(2)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

ബഡ്ജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1064941 |
| വരവ് | 303890000 |
| ആകെ | 304954941 |
| ചെലവ് | 302289000 |
| നീക്കിബാക്കി | 2665941 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 01.06.2022 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11436838.00 |
| വരവ് | 136207140.50 |
| ആകെ | 147643978.50 |
| ചെലവ് | 132506999.50 |
| നീക്കിയിരിപ്പ് | 15136978.50 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 19506117 | 19506117 | 16755569 | 2750548 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 13617917 | 13617917 | 12192442 | 1425475 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 215183 | 215183 | 40000 | 175183 |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | 0 | 22698000 | 22698000 | 22698000 | 0 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് | 0 | 6161047 | 6161047 | 6082664 | 78383 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (പെർഫോമൻസ് ) | 0 | 7580000 | 7580000 | 5116288 | 2463712 |
| സെൻട്രൽ ഫിനാൻസ് | 0 | 15695955 | 15695955 | 8004684 | 7691271 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് (ബേസിക്) | | | | | |
| ICDS | 781238 | 1068055 | 1849293 | 1100000 | 749293 |
| ശുചിത്വ മിഷൻ ഗ്രാന്റ്-സംസ്ഥാന വിഹിതം | 474965 | 3682328 | 4157293 | 467963 | 3689330 |
| അഗതി രഹിത കേരളം സംസ്ഥാന വിഹിതം | 3750187 | 3866708 | 7616895 | 2261387 | 5355508 |
| MGNREGS | 3009 | 46258198 | 46261207 | 46254886 | 6321 |
| മികച്ച പഞ്ചായത്ത് അവാർഡ് | 300000 | 0 | 300000 | 0 | 300000 |
| ലൈഫ് വിഹിതം | 0 | 750000 | 750000 | 750000 | 0 |

തൻവർഷത്തിൽ ഉറവിടത്തിൽ നിന്നും കുറവുചെയ്ത തുകകളുടെ വിവരങ്ങൾ

| ക്രമ നം. | പ്രൊജക്ട് | ചെലവ് തുക | ഫണ്ടിനം |
|---|---|---|---|
| 1 | 370/21: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - ജനറൽ | 1097764 | വികസന ഫണ്ട് (ജനറൽ) |
| 2 | 369/21: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - ജനറൽ | 1097765 | വികസന ഫണ്ട് (ജനറൽ) |
| 3 | 366/21 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 467200 | വികസന ഫണ്ട് (ജനറൽ) |
| 4 | 367/21 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 467200 | വികസന ഫണ്ട് (ജനറൽ) |
| 5 | 368/21 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 467200 | വികസന ഫണ്ട് (ജനറൽ) |
| 6 | ആകെ | 3597129 | |
| 7 | 371/21: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - ജനറൽ | 109863 | വികസന ഫണ്ട് (എസ്.സി.പി) |
| | 372/21: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - ജനറൽ | 109863 | വികസന ഫണ്ട് (എസ്.സി.പി) |
| 8 | ആകെ | 219726 | |

ഉറവിടത്തിൽ നിന്നും കുറവുചെയ്ത തുകകൾ ഉൾപ്പെടെയുള്ള വരവുചെലവുകൾ

| വികസന ഫണ്ട് (ജനറൽ) | ACR പ്രകാരം വരവ് | Source ൽ കുറവു ചെയ്തത് | യഥാർത്ഥ വരവ് |
|---|---|---|---|
| | 19506117 | 3597129 | 23103246 |

| വികസന ഫണ്ട് (ജനറൽ) | ACR പ്രകാരം ചെലവ് | Source ൽ കുറവു ചെയ്തത് | യഥാർത്ഥ ചെലവ് |
|---|---|---|---|
| | 16755569 | 3597129 | 20352698 |

| വികസന ഫണ്ട് (എസ്.സി.പി) | ACR പ്രകാരം വരവ് | Source ൽ കുറവു ചെയ്തത് | യഥാർത്ഥ വരവ് |
|---|---|---|---|
| | 13617917 | 219726 | 13837643 |

| വികസന ഫണ്ട് (എസ്.സി.പി) | ACR പ്രകാരം ചെലവ് | Source ൽ കുറവു ചെയ്തത് | യഥാർത്ഥ ചെലവ് |
|---|---|---|---|
| | 12192442 | 219726 | 12412168 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 331 | 231633152 | 236 | 98555528 | 0 | 95 | 71 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 15 | 12 | 13371324 | 8962439 | 67 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 2410872 | 1681039 | 70 |
| മെഡിക്കൽ ഓഫീസർ-PHC | 3 | 2 | 1477024 | 615571 | 42 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ-ആയൂർവേദം | 1 | 1 | 1200000 | 1200000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 0 | 1968000 | 0 | 0 |
| വി.ഇ.ഒ | 25 | 13 | 99568518 | 10273000 | 10 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 5 | 5719820 | 3803320 | 66 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 729720 | 729720 | 100 |
| സെക്രട്ടറി | 62 | 36 | 27331513 | 16740409 | 61 |
| ഹെഡ് മാസ്റ്റർ | 8 | 6 | 2576090 | 1582370 | 61 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 187 | 147 | 69645271 | 48393703 | 69 |
| അസി.സെക്രട്ടറി | 8 | 6 | 5435000 | 4373957 | 80 |
| ആകെ | 331 | 236 | 231633152 | 98555528 | 43 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3009 | 947522 | 950531 | 944210 | 6321 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 45310676 | 45310676 | 45310676 | 0 |
| ആകെ | 3009 | 46258198 | 46261207 | 46254886 | 6321 |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 12540700 | 719 |
| വിധവാപെൻഷൻ | 23289200 | 1441 |
| വാർദ്ധക്യകാലപെൻഷൻ | 37361900 | 2397 |
| വികലാംഗപെൻഷൻ | 5234300 | 347 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1581200 | 99 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 900000 | 30 |

1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.06.2022 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 6341/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ

ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ഇന്റേണൽ ഓഡിറ്റിന്റെ ഭാഗമായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ചചെയത് പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ബഡ്ജറ്റിനനുസരണമായി നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നിലവിലുള്ള സോഫ്റ്റ്‌വേറിലില്ല. ഓരോ ചെലവും നടത്തുമ്പോൾ അക്കൗണ്ടന്റ് ബഡ്ജറ്റിൽ അനുവദിച്ച തുകയേക്കാൾ കൂടുന്നുണ്ടോ എന്ന പ്രത്യേകം ശ്രദ്ധിക്കേണ്ടി വരുന്നുണ്ട്.

അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ അക്കൗണ്ടുകളും സാംഖ്യയിൽ ചേർത്തിട്ടുണ്ട്. അതിനാൽ എല്ലാ അക്കൗണ്ടുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും Login, Password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്റ്റ് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തുന്നത്. എന്നാൽ പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. തെരുവു വിളക്കുകൾ വാങ്ങിയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതായി കാണുന്നില്ല. ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 16.6.2022 | 01.05.2022 മുതൽ 31.05.2022 | ഇല്ല | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | | വരെ | | |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.1.2006 മുതൽ 15.1.2006 വരെ | 2004-05 | 31.3.2006 | ഇല്ല |

1-11 സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തുനികുതി നിരക്കുകൾ നിശ്ചയിക്കേണ്ടതാണ്.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു.

14.01.2011 ലെ സ.ഉ(അ)നം.19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.

24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു.

മേൽ വിജ്ഞാപനങ്ങൾ പ്രകാരമുള്ള ഉപയോഗക്രമങ്ങളും അവയ്ക്ക് സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ നികുതി നിരക്കും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് | 3 | 8 |
| 2 | മൈക്രോ സ്മാൾ ആൻറ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 3 | ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |
| 4 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |
| 5 | സ്വകാര്യ ഹോസ്റ്റൽ , ഹോംസ്റ്റേ | 30 | 60 |

ഇവയിൽ റസിഡൻഷ്യൽ ഹോംസ്റ്റേ എന്ന ഉപയോഗക്രമത്തിന്റെ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. സർക്കാർ നിർദ്ദേശിച്ച പരിധികൾക്ക് വിധേയമായി പഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാവുന്നു. മേൽ സൂചിപ്പിച്ച കെട്ടിട വിഭാഗത്തിന് വസ്തുനികുതി നിരക്ക് നിശ്ചയിക്കാത്തതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് റസിഡൻഷ്യൽ ഹോംസ്റ്റേ സംബന്ധിച്ച് അപേക്ഷകളൊന്നും വന്നിട്ടില്ലാത്തതാണെന്ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. (നം. 3/24.06.2022)

സർക്കാർ നിശ്ചയിച്ചിട്ടുള്ള എല്ലാ ഉപയോഗക്രമങ്ങൾക്കും നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 അനധികൃത കെട്ടിട നിർമ്മാണങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

അനധികൃത നിർമ്മാണങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ സംബന്ധിക്കുന്ന രജിസ്റ്ററിൽ 7 കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ 1 കെട്ടിടത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കുകയും 1 കെട്ടിടം നിയമാനുസൃതമാക്കുകയും 4 കെട്ടിടത്തെ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതുമാണ്. എന്നാൽ 1 കെട്ടിടത്തെ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

| ക്രമ നം | ഉടമയുടെ പേര് | യു.എ നമ്പർ | ഉപയോഗക്രമം, വിസ്തീർണ്ണം | നോട്ടീസ് നല്കിയ തിയതി |
|---|---|---|---|---|
| 1 | പ്രസന്ന. കെ | 5/736/UA | പാർപ്പിടാവശ്യം, 71.34 ച.മീ | 21.12.2016 |

2) സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള 6 കെട്ടിടങ്ങളിൽ 2 കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.
മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് വിശീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അപാകതകൾ ഉടൻ പരിഹരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (നം. 4/24.06.2022)

### 1-13 ടർഫുകൾ, ജിംനേഷ്യങ്ങൾ എന്നിവയെ ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്.

1963 ലെ കേരള പ്ലേസസ് ഓഫ് പബ്ലിക് റിസോർട്ട് ആക്ട്, 1965 ലെ കേരള പ്ലേസസ് ഓഫ് പബ്ലിക് റിസോർട്ട് ചട്ടങ്ങൾ (G.O (MS) 590/65/HLD Dt. 08-07-1965) എന്നിവ പ്രകാരം ഏതു സ്ഥലത്തും സ്ഥിരമോ, താത്കാലികമോ ആയ ഏതു നിർമ്മിതികളിലും പണം വാങ്ങിയോ, പണം ലഭിക്കാനായി പ്രവേശനം നൽകിയോ ലാഭോദ്ദേശ്യത്തോടെ നടത്തപ്പെടുന്ന സംഗീത, നൃത്ത, കായിക വിനോദങ്ങൾ, സർക്കസ്, തിയേറ്റർ, സംഗീതശാല, ബില്യാർഡ്സ് റൂം, ജിംനേഷ്യം, ആയുധപരിശീലനം എന്നിവയ്ക്ക് ലൈസൻസ് എടുക്കേണ്ടതാണ്. വാർഷികമായും താത്കാലികമായും ലൈസൻസ് എടുക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 28 പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉള്ള ടർഫുകൾ, ജിംനേഷ്യം എന്നിവയുടെ എണ്ണം, ഉടമസ്ഥന്റെ വിവരം അവയെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലൈസൻസ് ഇല്ലാതെ ടർഫുകൾ, ജിംനേഷ്യം എന്നിവ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (നം. 5/24.06.2022)

### 1-14 കെട്ടിടങ്ങളെ നികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കി നൽകൽ- നിയമാനുസൃതമാവേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 പ്രകാരം നികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കേണ്ട കെട്ടിടങ്ങളെ പ്രതിപാദിച്ചിട്ടുണ്ട്.
സ.ഉ(എം.എസ്) നം 144/15/തസ്വഭവ, തിയതി 27.04.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളായ കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
സ.ഉ(എം.എസ്) നം.358/15/തസ്വഭവ, തിയതി 16.12.2015 പ്രകാരം കുടുംബനാഥന്റെ പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിനു മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തുകയും. നികുതി ഒഴിവാക്കി നൽകുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്.

സ.ഉ(കൈ) നം. 106/17/തസ്വഭവ, തിയതി 26.05.17 പ്രകാരം എല്ലാ വിമുക്ത ഭടന്മാരുടെയും അവരുടെ ഭാര്യമാരുടെയും/വിധവകളുടെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന 2000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടുകളെ കരം ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2000 ചതുരശ്ര അടിയിൽ കൂടുതൽ തറ വിസ്തീർണ്ണം ഉണ്ടെങ്കിൽ കൂടുതലായി വരുന്ന തറ വിസ്തീർണ്ണത്തിന് അതാത് കാലത്ത് ബാധകമായ നികുതി നിർണ്ണയിക്കേണ്ടതാണെന്നും ഓരോ വർഷവും മാർച്ച് 31 ന് മുമ്പ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

വടക്കഞ്ചേരി ഗ്രാമ പഞ്ചായത്തിൽ നികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കിയ കെട്ടിടങ്ങളുടെ പരിശോധനയിൽ നിയമാനുസൃതമല്ലാതെ കെട്ടിടങ്ങളെ ഒഴിവാക്കിയതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ, തറ വിസ്തീർണ്ണം | സഞ്ചയയിലെ ഉപയോഗക്രമം | റിമാർക്സ് |
|---|---|---|---|---|
| 1 | രാജാമണി.സി | 1/63, 77 ച.മീ | നികുതി, ഉപനികുതി എന്നിവ ഒഴിവക്കപെട്ട കെട്ടിടങ്ങൾ | സഞ്ചയയിൽ ആയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| 2 | രവി | 9/603, 95.08 ച.മീ | -ടി - | കെ.പ.രാ നിയമം 207(1(ജെ)) സർക്കാർ/ അർദ്ധ സർക്കാർ/ തസ്വഭ സൗജന്യമായി നിർമ്മിച്ച് നൽകിയ വാസഗൃഹം |
| 3 | വിജയം | 9/696, 82 ച.മീ | -ടി - | കെ.പ.രാ നിയമം 207(1(ഐ)) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ യിൽ താഴെയുള്ള വാസഗൃഹം |
| 4 | ക്രൃഷ് | 12/1433, 70 ച.മീ | -ടി - | സഞ്ചയയിൽ ആയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പ്രസ്തുത കെട്ടിടങ്ങൾ നികുതി ചുമത്തേണ്ട കെട്ടിടങ്ങൾ ആണെന്നും കെട്ടിടങ്ങൾ നിലവിൽ വന്ന വർഷം മുതൽ തന്നെ നികുതി ചുമത്തി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.(നം. 9/25.06.2022)

## 1-15 കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയർക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ2/2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. യോഗ്യമായവക്ക് നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഓഡിറ്റ് നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (നം. 10/25.06.2022)

## 1-16 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ – ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

എ) ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

2012-ലെ കേരള പഞ്ചായത്ത് രാജ് ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 6,7 പ്രകാരം ലൈവ്സ്റ്റോക്ക് ഫാം ആരംഭിക്കുവാനോ അതിനു വേണ്ടിയുള്ള കെട്ടിടമോ ഷെഡ്ഡോ നിർമ്മിക്കുവാനോ ഉദ്ദേശിക്കുന്ന ഏതൊരാളും ഈ ആവശ്യത്തിലേക്ക് ഗ്രാമപഞ്ചായത്തിന്റെ അനുമതിക്കു വേണ്ടി ഫാറം 1-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും അപേക്ഷയിൽ, ഫാമിൽ വളർത്താനുദ്ദേശിക്കുന്ന മൃഗങ്ങളുടെ അഥവാ പക്ഷികളുടെ ഇനങ്ങളും എണ്ണവും, ഈ ആവശ്യത്തിലേയ്ക്ക് ലഭ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം, നിർമ്മിച്ചതോ നിർമ്മിക്കാനുദ്ദേശിക്കുന്നതോ ആയ കെട്ടിടത്തിന്റെ അഥവാ ഷെഡ്ഡിന്റെ വിവരണം (തറ വിസ്തീർണ്ണം ഉൾപ്പെടെ), ഉദ്ദേശിക്കുന്ന മാലിന്യനിർമ്മാർജ്ജന ക്രമീകരണങ്ങൾ, ചുറ്റുവട്ടത്തുള്ള ജനവാസത്തെപ്പറ്റിയുള്ള വിവരണം എന്നീ കാര്യങ്ങൾ ഉണ്ടായിരിക്കേണ്ടതും കെട്ടിടങ്ങളുടെയും ഷെഡ്ഡുകളുടെയും പ്ലാനും സ്ഥലത്തിന്റെ സ്കെച്ചും ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

അപേക്ഷ കിട്ടി മുപ്പതുദിവസം അവസാനിക്കുന്നതിനുമുമ്പ് അപേക്ഷയിൻമേൽ സെക്രട്ടറി അനുമതി നൽകുകയോ നിഷേധിക്കുകയോ ചെയ്യേണ്ടതും അനുമതി നൽകിക്കൊണ്ടോ നിഷേധിച്ചുകൊണ്ടോ ഉള്ള ഉത്തരവ് രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതും അതിനുശേഷം ആദ്യം ചേരുന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ മുമ്പാകെ വിശദാംശങ്ങൾ സഹിതം അവതരിപ്പിക്കേണ്ടതുമാണ്.

ലൈവ് സ്റ്റോക്ക് ഫാം ആരംഭിക്കുന്നതിന് 6-ാം ചട്ടപ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭിച്ചിട്ടുള്ള ഏതൊരാളും, ഇതിലേക്കാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയശേഷം ഫാം നടത്തുന്നതിനുള്ള ലൈസൻസിനായി ഫാറം 2-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതും സെക്രട്ടറി ആവശ്യമായ അന്വേഷണം നടത്തി നിബന്ധനകൾ അപേക്ഷകൻ പൂർണ്ണമായി പാലിച്ചിട്ടുണ്ടെന്ന് തനിക്ക് ബോദ്ധ്യപ്പെടുന്നപക്ഷം, അപേക്ഷിച്ച പ്രകാരം, ഫാറം 3-ൽ ലൈസൻസ് നൽകുകയോ കാരണങ്ങൾ വ്യക്തമാക്കിക്കൊണ്ട് രേഖാമൂലം അപേക്ഷ നിരസിക്കുകയോ ചെയ്യേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.

2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ തൻവർഷം ഒരു ഫാമിന് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത് എന്ന് കണ്ടെത്തി. സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും കളക്ഷനും

പരിശോധിച്ചതിൽ(ഫോറം- 6) പഞ്ചായത്ത് പ്രദേശത്ത് അനേകം ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കണ്ടെത്തി. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | ഉപയോഗക്രമം |
|---|---|---|---|---|
| 1 | ഹൈനസ് | 5/849 | 189.79 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്- കോഴി വളർത്തൽ ഷെഡ് |
| 2 | സുകുമാരൻ | 5/666 | 60.15 | - ടി - |
| 3 | സുനിൽ എ.എം | 7/534 | 300 | - ടി - |
| 4 | ബേബി. പി.എ | 18/746 | 226.98 | പന്നി ഫാം, ലൈസൻസ് എടുത്തിട്ടുണ്ട്. സഞ്ചയയിൽ കോഴി വളർത്തൽ ഷെഡ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് |
| 5 | കുര്യൻ ജോസഫ് | 19/719 | 314.38 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്- കോഴി വളർത്തൽ ഷെഡ് |
| 6 | എലിസബത് ജോസഫ് | 19/846 | 296 | - ടി - |

ബി) ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്

ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിലെ പ്രവർത്തിക്കുന്ന ഫാമുകൾ കണ്ടെത്തുന്നതിലും ആയവസ്ക്ക് ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ ലൈസൻസ് അനുവദിക്കുന്നതിലും ആറുമാസം കൂടുമ്പോൾ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കുന്നതിലും ശ്രദ്ധിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഓഡിറ്റ് നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (നം. 11/25.06.2022)

1-17 വിനോദ നികുതി ഈടാക്കാത്തതിനാൽ വരവ് നഷ്ടം

വടക്കഞ്ചേരി ഗ്രാമ പഞ്ചായത്തിൽ വിനോദ നികുതി അടവാക്കൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടൈൻമെന്റ്സ് ടാക്സ് ആക്റ്റിലെ വകുപ്പ് 3 പ്രകാരം

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനോദത്തിനായുള്ള ടിക്കറ്റിന്മേൽ നിശ്ചിത നിരക്കിൽ വിനോദ നികുതി ഈടാക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ പ്രധാന വിനോദ നികുതി സ്രോതസ്സാണ് സ്ഥാപന പരിധിയിൽ പ്രവർത്തിച്ചു വരുന്ന മൂന്ന് സിനിമാ തിയേറ്ററുകൾ. തിയേറ്ററുകളുടെ വിവരം 13.11.19 യിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സ്റ്റേറ്റ് ടാക്സ് ഓഫീസർ, സ്റ്റേറ്റ് ജി.എസ്.ടി ഓഫീസ് ആലത്തൂർ- യ്ക്ക് അയച്ചു നൽകിയ എ4-6938/19 നമ്പർ കത്ത് പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം | തിയേറ്ററിന്റെ പേര് | സീറ്റുകളുടെ എണ്ണം |
|---|---|---|
| 1 | തങ്കം തിയേറ്റർ, വടക്കഞ്ചേരി | 295 |
| 2 | സി.വി.എം സിനിമാസ്- ബാൽക്കണി | 175 |
| | സി.വി.എം സിനിമാസ്- റോയൽ സർക്കിൾ | 250 |
| 3 | കെ.എ.എം | വിവരം ലഭ്യമല്ല. |

പ്രസ്തുത സ്ഥാപനങ്ങൾ 2017 നവംബർ മുതൽ വിനോദ നികുതി അടവാക്കിയിട്ടില്ല.
ഓഡിറ്റ് തിയതി വരെയുള്ള രസീതികൾ പരിശോധിച്ചതിൽ വിനോദ നികുതി ഇനത്തിൽ യാതൊരു തുകയും ഗ്രാമപഞ്ചായത്തിൽ വരവില്ലെന്ന് ബോധ്യപ്പെട്ടു.

<u>വിനോദ നികുതിയും ജി.എസ്.ടി- യും</u>

<u>വിനോദ നികുതി ജി.എസ്.ടി യ്ക്ക് മുമ്പ്</u>

സ.ഉ(എം.എസ്)നം 257/04/തസ്വഭവ തിയതി 07.08.2014 പ്രകാരം ടിക്കറ്റിന്മേൽ താഴെ പറയും പ്രകാരം വിനോദ നികുതി ഈടാക്കി വന്നിരുന്നു.

| | കോർപ്പറേഷനു കളിൽ | മുനിസിപ്പാലിറ്റി കളിൽ | പഞ്ചായത്തു കളിൽ |
|---|---|---|---|
| പൊതു വിഭാഗത്തിൽപ്പെടുന്ന സിനിമ | 35% | 30% | 25% |
| മലയാള സിനിമ | 25% | 20% | 15% |

<u>വിനോദ നികുതി ജി.എസ്.ടി യ്ക്ക് ശേഷം</u>

01.07.2017 മുതൽ ചരക്ക് സേവന നികുതി നടപ്പാക്കിയതിന്റെ പശ്ചാത്തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കി വന്നിരുന്ന വിനോദ നികുതി ഈടാക്കേണ്ടതില്ല എന്ന് സർക്കാർ നിർദ്ദേശം നൽകുകയും (സ.ഉ(കൈ)നം. 123/2017/തസ്വഭവ തിയതി. 24.06.2017) ഇതിനെ തുടർന്ന് ഈ ഇനത്തിൽ ലഭ്യമായിരുന്ന നികുതി താൽക്കാലികമായി ഇല്ലാതാവുകയും ചെയ്തു.

സ.ഉ(കൈ)നം.112/2019/തസ്വഭവ തിയതി 31-08-2019, സ.ഉ(കൈ)നം.149/2019/തസ്വഭവ തിയതി 22-11-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദ നികുതിയും 100 രൂപയിൽ കൂടുതലുള്ള സിനിമാ ടിക്കറ്റുകൾക്ക് 8.5% വിനോദ നികുതിയും 1-9-2019 മുതൽ ഈടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി സർക്കാർ ഉത്തരവായെങ്കിലും 1-9-2019 മുതൽ വിനോദ നികുതി ഇനത്തിൽ യാതൊരു തുകയും ഗ്രാമപഞ്ചായത്തിൽ വരവുണ്ടായില്ല.

സ.ഉ(കൈ)നം.149/2019/തസ്വഭവ തിയതി 22-11-2019 പ്രകാരം 01-09-2019 മുതൽ വിനോദ നികുതി ഈടാക്കാത്ത തിയേറ്റർ ഉടമകൾ 16-11-2019 മുതൽ വിനോദ നികുതി കൃത്യമായി ഈടാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണെന്നും 01-09-2019 മുതൽ 15-11-2019 വരെ പ്രേക്ഷകരിൽ നിന്നും വിനോദനികുതി ഈടാക്കിയിട്ടില്ലാത്ത തിയേറ്റർ ഉടമകൾ അപ്രകാരം വിനോദ നികുതി ഈടാക്കിയിട്ടില്ല എന്ന ഒരു സത്യവാങ്മൂലം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് സമർപ്പിക്കേണ്ടതാണെന്നും ഉത്തരവായിട്ടുള്ളതാണ്. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ല.

ഇ-ടിക്കറ്റിംഗ് നിലവിൽ വരുന്നതുവരെ സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും പകരം ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ അപ്രകാരം 3 ആം തിയതിക്കുള്ളിൽ നികുതി അടവാക്കി വരുന്നില്ല.

സ.ഉ(സാധാ)നം. 101/2020/തസ്വഭവ തിയതി 04.01.2020 പ്രകാരം കേരളത്തിലെ എല്ലാ തിയേറ്ററുകളിലും ഇ- ടിക്കറ്റിംഗ് നടപ്പാക്കുന്നതിനായി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഐ.കെ.എം വികസിപ്പിച്ച ഇ-ടിക്കറ്റിംഗ് സോഫ്റ്റ്വെയർ ഉപയോഗിച്ച് പ്രേക്ഷകർക്ക് ടിക്കറ്റ് നൽകേണ്ടതാണെന്നും, സ്വകാര്യ റിസർവ്വേഷൻ ഏജൻസികൾക്കും തിയേറ്ററുകൾക്കും സർക്കാർ സോഫ്റ്റ്വെയറുമായി

സംയോജിപ്പിച്ചുകൊണ്ട് ഓൺലൈൻ ടിക്കറ്റ് റിസർവ്വേഷൻ നടത്താവുന്നതാണെന്നും ഇ- ടിക്കറ്റിംഗിലൂടെ വിൽപ്പന നടത്തുന്ന ടിക്കറ്റുകളുടെ ഡെയ്ലി കളക്ഷൻ റിപ്പോർട്ട് (ഡി.സി.ആർ) ഉൾപ്പെടെയുള്ള വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓൺലൈൻ ആയി കൈമാറേണ്ടതാണെന്നും പ്രസ്തുത ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുള്ളതാണ്.

സ.ഉ(സാധാ) നം. 2358/2021/ തസ്വഭവ തിയതി. 22.11.2021 പ്രകാരം സംസ്ഥാനത്ത് കോവിഡ് -19 വ്യാപനത്തെ തുടർന്ന് അടഞ്ഞു കിടന്നിരുന്ന സിനിമാ തിയേറ്ററുകൾക്ക് ഏർപ്പെടുത്തിയിരുന്ന വിനോദ നികുതി 2021 ഏപ്രിൽ 1 മുതൽ 2021 ഡിസംബർ 31 വരെ ഇളവു ചെയ്തു നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിനാൽ 2021 ഡിസംബർ 31 ന് ശേഷം നികുതി ഈടാക്കേണ്ടതാണെങ്കിലും ഓഡിറ്റ് തിയതി വരെയുള്ള രസീതികൾ പരിശോധിച്ചതിൽ വിനോദ നികുതി ഇനത്തിൽ യാതൊരു തുകയും ഗ്രാമപഞ്ചായത്തിൽ വരവില്ലെന്ന് ബോധ്യപ്പെട്ടു.

ജി.എസ്.ടി ഒടുക്കിയ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ടിക്കറ്റുകളുടെ എണ്ണം കണക്കാക്കി ആയതനുസരിച്ചുള്ള തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സ്വീകരിക്കുന്നതിനും തിയേറ്ററുകളിൽ യഥാർത്ഥത്തിൽ വിറ്റഴിക്കുന്ന ടിക്കറ്റുകളുടെ എണ്ണം കുറവായി കാണിക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി തിയേറ്ററുകളിൽ ഇടയ്ക്കിടെയുള്ള പരിശോധന നടത്തുന്നതിനുമുള്ള പരിശോധനാ സംവിധാനം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

മേൽ വിഷയത്തിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഓഡിറ്റ് നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (നം. 15/27.06.2022)

## 1-18 വസ്തുനികുതി നിർണ്ണയം- ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയതിനാൽ- നികുതി നഷ്ടം

എ) വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 50 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 60 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിലധികം തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടം ഉണ്ടാവുന്നു. ശരിയായ ഉപയോഗക്രമത്തിനും തറ വിസ്തീർണ്ണത്തിനും അനുസൃതമായി നികുതി ഈടാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

| ക്രമ നം. | കെട്ടിട നം, | കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണ്ണം (ച.മീ)/ തരം | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി | പ്രാബല്യം | പ്രതിവർഷ നഷ്ടം |
|---|---|---|---|---|---|---|---|
| 1 | 9/489 | പ്രസിഡണ്ട്, സെക്രട്ടറി ഓഫ് മലബാർ ക്ലബ് | 156.1/ റെസ്റ്റോറന്റുകൾ | 156.1x50= 7805 ഇളവ് = 20% BT= 7025 LC= 352 Total = 7377 | 156.1x60=9366 ഇളവ് = 20% BT=7493 LC= 375 Total= 7868 | 2013 First Half | 491 |
| 2 | 9/582 | ബെന്നി മാത്യു, ജോൺ മാത്യു | 138.46/ ഷോപ്പുകൾ | 138.46x50= 6923 വർദ്ധനവ്= 20% BT= 8308 LC= 416 Total = 8724 | 138.46x60=8307 വർദ്ദനവ് =20% BT= 9969 LC =499 Total= 10468 | 2013 First Half | 1744 |
| 3 | 12/844 | എസ്. എ. നിസാമുദ്ദീൻ S/o അഹമ്മദ് ഹാജിയാർ | 140/ ഷോപ്പുകൾ | 140x50=7000 ഇളവ് =10% വർദ്ധനവ് =20% BT=7700 LC= 385 Total = 8085 | 140x60=8400 ഇളവ് =10% വർദ്ധനവ് =20% BT=9240 LC = 462 Total = 9702 | 2013 First Half | 1617 |
| 4 | 12/845 | എസ്. എ. നിസാമുദ്ദീൻ S/o അഹമ്മദ് ഹാജിയാർ | 140/ ഷോപ്പുകൾ | 140x50=7000 ഇളവ് =10% വർദ്ധനവ് =20% BT=7700 LC= 385 Total = 8085 | 140x60=8400 ഇളവ് =10% വർദ്ധനവ് =20% BT=9240 LC = 462 Total = 9702 | 2013 First Half | 1617 |
| 5 | 12/1481 | വി.എം. മുഹമ്മദ് ഖനി | 146.1/ ഷോപ്പുകൾ | 146.1x50=7305 ഇളവ് =30% വർദ്ധനവ് =20% BT=6575 LC= 329 Total = 6904 | 146.1x60=8766 ഇളവ് =30% വർദ്ധനവ് =20% BT=7890 LC = 395 Total = 8285 | 2013 First Half ഘടനാപരമായ മാറ്റം ഉണ്ടായിട്ടുണ്ട് | 1381 |
| 6 | 12/1792 | ഡോ.റാണി ബെന്നി | 165/ ഷോപ്പുകൾ | 165x50 =8250 ഇളവ് =6% വർദ്ധനവ് = 20% BT= 9405 LC= 471 Total=9876 | 165x60 =9900 ഇളവ് =6% വർദ്ധനവ് = 20% BT= 11286 LC= 565 Total=11851 | 2017 First Half | 1975 |
| 7 | 12/793 | ഡോ.റാണി ബെന്നി | 165/ ഷോപ്പുകൾ | 165x50 =8250 ഇളവ് =12% വർദ്ധനവ് = 20% BT= 9910 LC= 446 Total=9356 | 165x60 =9900 ഇളവ് =12% വർദ്ധനവ് = 20% BT= 10692 LC= 535 Total=11227 | 2017 First Half | 1871 |
| 8 | 14/772 | സി ജി പ്രവി | 139.4/ ഷോപ്പുകൾ | 139.4x50 =6970 ഇളവ് =10% വർദ്ധനവ് = 20% BT= 7667 LC= 384 Total=8051 | 139.4x60 =8364 ഇളവ് =10% വർദ്ധനവ് = 20% BT= 9200 LC= 460 Total=9660 | 2013 First Half | 1609 |
| 9 | 14/1930 | ജ്യോതി തോമസ് | 256.15/ ഷോപ്പുകൾ | 256.15x50=12807.5 വർദ്ധനവ് =35% BT= 17291 LC= 865 Total= 18156 | 256.15x60=15369 വർദ്ധനവ് =35% BT= 19980 LC= 999 Total=20979 | 2013 First Half | 2823 |
| 10 | 14/1931 | ജ്യോതി തോമസ് | 256.15/ ഷോപ്പുകൾ | 256.15x50=12807.5 വർദ്ധനവ് =35% BT= 17291 LC= 865 Total= 18156 | 256.15x60=15369 വർദ്ധനവ് =35% BT= 19980 LC= 999 Total=20979 | 2013 First Half | 2823 |
| 11 | 14/2154 | വി.സിനൂജ് S/o.വിജയൻ | 260/ ഷോപ്പുകൾ | 260x50=13000 ഇളവ് = 10% BT = 11700 LC= 585 Total= 12285 | 260x60=15600 ഇളവ് = 10% BT = 14040 LC= 702 Total= 14742 | 2013 First Half | 2457 |

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | 15/727 | ലാലി മാർക്കോസ് | 130.29/ ഷോപ്പുകൾ | 130.29x50=6514.5 വർദ്ധനവ് = 10% BT = 7166 LC= 359 Total= 7525 | 130.29x60=7817.4 വർദ്ധനവ് = 10% BT = 8600 LC= 430 Total= 9030 | 2013 First Half | 1505 |
| 13 | 15/948 | പി.കെ.ബാബു | 136.81/ ഗോഡൌൺ | 136.81x50= 6840.5 ഇളവ് = 20% BT= 5473 LC= 274 Total= 5747 | 136.81x60= 8208.6 ഇളവ് = 20% BT= 6567 LC= 329 Total= 6896 | 2013 First Half | 1149 |
| 14 | 19/458 | കുറുമ്പ ട്രസ്റ്റ് | 1800/ ഷോപ്പുകൾ | 1800x50=90000 ഇളവ് = 10% വർദ്ധനവ് = 45% BT=121500 LC= 6075 Total= 127575 | 1800x60=108000 ഇളവ് = 10% വർദ്ധനവ് = 45% BT=145800 LC= 7290 Total= 153090 | 2013 First Half | 25515 |
| ആകെ | | | | | | | 48577 |

ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ബി) സഞ്ചയ സോഫ്റ്റ്വെയറിൽ ചുവടെ പട്ടികപ്പെടുത്തിയിട്ടുള്ള പാർപ്പിടാവശ്യമായുള്ള കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം രേഖപ്പെടുത്തിയതിന്റെ കൃത്യത പരിശോധിക്കേണ്ടതാണ്. സ്ഥല പരിശോധന നടത്തി ഉപയോഗക്രമം രേഖപ്പെടുത്തിയതിൽ അപാകതയുണ്ട് എങ്കിൽ സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതും ശരിയായ ഉപയോഗക്രമത്തിന് അനുസൃതമായി വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

| ക്രമ നം | കെട്ടിട നം, | കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| 1 | 12/164 | പി. വി. ചെന്താമരാക്ഷൻ, സൌപർണ്ണിക, കറ്റുകോട് വടക്കഞ്ചേരി | 784/ പാർപ്പിടാവശ്യം-വീട്ടുകൾ |
| 2 | 12/224 | കെ ഉണ്ണികൃഷ്ണൻ, കൌസ്തുഭം, കറ്റുകോട്, വടക്കഞ്ചേരി, വടക്കഞ്ചേരി മലബാർ 678683 | 1200/ പാർപ്പിടാവശ്യം-വീട്ടുകൾ |
| 3 | 12/448 | മിനി.റ്റി വർഗ്ഗീസ്, അരുക്കുടിയിൽ, വിനായക സ്ട്രീറ്റ് വടക്കഞ്ചേരി, വടക്കഞ്ചേരി മലബാർ 678683 | 504/ പാർപ്പിടാവശ്യം-വീട്ടുകൾ |
| 4 | 12/702 | ശബരിഗിരീശൻ, കിഴക്കഞ്ചേരി റോഡ്, വടക്കഞ്ചേരി, വടക്കഞ്ചേരി മലബാർ 678683 | 624/ പാർപ്പിടാവശ്യം-വീട്ടുകൾ |
| 5 | 12/1317 | കെ.എ ജലീൽ, കാരയൻകാട്, വടക്കഞ്ചേരി, വടക്കഞ്ചേരി മലബാർ,678683 | 840/ പാർപ്പിടാവശ്യം-വീട്ടുകൾ |

മേൽ വിഷയിത്തിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഓഡിറ്റ് നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (നം18/28.06.2022)

## 1-19 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ വിവരം അറിയിക്കേണ്ടതാണ്

വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി കന്നുകുട്ടി പരിപാലനപദ്ധതി എന്ന പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 2/2021, കന്നുകുട്ടി പരിപാലനം |
| അടങ്കൽ തുക | 6,00,000 രൂപ, (വികസന ഫണ്ട് ജനറൽ = 300000 + |

| | |
|---|---|
| | ഗുണഭോക്തൃ വിഹിതം = 300000) |
| ചെലവ് തുക | 300000 രൂപ<br>(വികസന ഫണ്ട് ജനറൽ ) |
| ബിൽ നമ്പർ,<br>തിയതി, തുക | 6/19.01.2021,<br>3,00,000 രൂപ |

എ) പ്രസ്തുത പദ്ധതിയുടെ ഭാഗമായി 24 കന്നുകുട്ടിക്ക് 125000 രൂപവീതം (ആകെ 300000 രൂപ) മൃഗ സംരക്ഷണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറുടെ (കന്നുകുട്ടി പരിപാലന പദ്ധതി) ട്രഷറി അക്കൗണ്ടിലേക്ക് (A/C No. 714021400000008) കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ മുറയ്ക്ക് മൃഗ സംരക്ഷണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും തുക വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

എ) പദ്ധതി മോണിട്ടറിംഗും രേഖകളുടെ സൂക്ഷിപ്പും

സ്റ്റോക്ക് രജിസ്റ്റർ, വ്യക്തിഗത നാൾവഴി രജിസ്റ്റർ എന്നിവ വെറ്ററിനറി സർജൻ വാർഷിക പരിശോധന നടത്തിയതായി കാണുന്നില്ല. ആയത് വാർഷിക പരിശോധന നടത്തി സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിഷയത്തിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (നം.19/28.06.2022)

## 1-20 ഭവന പുനരുദ്ധാരണം/ മേൽക്കൂര റിപ്പയർ പദ്ധതികൾ - നിർവ്വഹണത്തിലെ അപാകതകൾ

വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2017-18 മുതൽ 2020-21 വരെയുള്ള വർഷങ്ങളിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ/വീട് പുനരുദ്ധാരണം/ മേൽപ്പുര റിപ്പയർ എന്നീ പദ്ധതികൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

എ) പദ്ധതികൾ

| ക്രമ നം | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 155/2017-18 | മേൽപ്പുര മാറ്റി പുതിയ മേൽപ്പുര സ്ഥാപിക്കൽ (എസ്.സി) | 3000000 | 2925000 |
